എ.വൈ.ആർ


സൂറ-12

## യൂസുഫ്

قَالُوا۟ يَـٰٓأَيُّهَا ٱلْعَزِيزُ إِنَّ لَهُۥٓ أَبًا شَيْخًا كَبِيرًا فَخُذْ أَحَدَنَا مَكَانَهُۥٓ ۖ إِنَّا
نَرَىٰكَ مِنَ ٱلْمُحْسِنِينَ ﴿٧٨﴾
قَالَ مَعَاذَ ٱللَّهِ أَن نَّأْخُذَ إِلَّا مَن وَجَدْنَا مَتَـٰعَنَا عِندَهُۥٓ إِنَّآ إِذًا
لَّظَـٰلِمُونَ ﴿٧٩﴾
فَلَمَّا ٱسْتَيْـَٔسُوا۟ مِنْهُ خَلَصُوا۟ نَجِيًّا ۖ قَالَ كَبِيرُهُمْ أَلَمْ تَعْلَمُوٓا۟ أَنَّ أَبَاكُمْ قَدْ
أَخَذَ عَلَيْكُم مَّوْثِقًا مِّنَ ٱللَّهِ وَمِن قَبْلُ مَا فَرَّطتُمْ فِى يُوسُفَ ۖ فَلَنْ أَبْرَحَ
ٱلْأَرْضَ حَتَّىٰ يَأْذَنَ لِىٓ أَبِىٓ أَوْ يَحْكُمَ ٱللَّهُ لِى ۖ وَهُوَ خَيْرُ ٱلْحَـٰكِمِينَ ﴿٨٠﴾

ٱرْجِعُوٓا۟ إِلَىٰٓ أَبِيكُمْ فَقُولُوا۟ يَـٰٓأَبَانَآ إِنَّ ٱبْنَكَ سَرَقَ وَمَا
شَهِدْنَآ إِلَّا بِمَا عَلِمْنَا وَمَا كُنَّا لِلْغَيْبِ حَـٰفِظِينَ ﴿٨١﴾
وَسْـَٔلِ ٱلْقَرْيَةَ ٱلَّتِى كُنَّا فِيهَا وَٱلْعِيرَ ٱلَّتِىٓ أَقْبَلْنَا فِيهَا ۖ وَإِنَّا لَصَـٰدِقُونَ ﴿٨٢﴾
قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ ۖ عَسَى ٱللَّهُ أَن يَأْتِيَنِى
بِهِمْ جَمِيعًا ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٨٣﴾
وَتَوَلَّىٰ عَنْهُمْ وَقَالَ يَـٰٓأَسَفَىٰ عَلَىٰ يُوسُفَ وَٱبْيَضَّتْ عَيْنَاهُ
مِنَ ٱلْحُزْنِ فَهُوَ كَظِيمٌ ﴿٨٤﴾

**78** അവർ അപേക്ഷിച്ചു: അല്ലയോ പ്രഭോ! ഇവന്ന് പടുവൃദ്ധനായ ഒരു പിതാവുണ്ട്. അതിനാൽ ഇവന്നു പകരം ഞങ്ങളിലാരെയെങ്കിലും പിടിച്ചു വെച്ചാലും. അങ്ങ് ഏറെ സന്മനസ്സും സൗമനസ്യവുമുള്ളവനെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

**79** യൂസുഫ് പ്രതിവചിച്ചു: അല്ലാഹുവേ ശരണം! ഞങ്ങളുടെ മുതൽ കണ്ടെടുത്തത് ആരുടെ പക്കൽ നിന്നാണോ അയാളെയല്ലാതെ മറ്റൊരാളെ പിടിച്ചു വെക്കുകയോ? എങ്കിൽ ഞങ്ങൾ കൊടിയ ധർമധിക്കാരികളായതുതന്നെ.

**80** ബിൻയാമിന്റെ മോചനത്തിൽ തികച്ചും ആശയറ്റപ്പോൾ അവർ ആളുകളിൽനിന്ന് അകന്നുമാറി തനിച്ചിരുന്നു കൂടിയാലോചന തുടങ്ങി. കൂട്ടത്തിൽ മുതിർന്നവൻ പറഞ്ഞു: പിതാവ് നമ്മളിൽനിന്ന് അല്ലാഹുവിന്റെ പേരിൽ ബലിഷ്ഠമായ കരാറുവാങ്ങിയിട്ടുള്ളതും യൂസുഫിന്റെ കാര്യത്തിൽ പണ്ടു നമ്മൾ ചെയ്ത അതിക്രമവും അറിയാമല്ലോ. അതിനാൽ പിതാവ് അനുവാദം തരുന്നതുവരെ ഞാനീ നാട് വിടുന്നതല്ല; അല്ലെങ്കിൽ അല്ലാഹു തന്നെ എന്റെ കാര്യത്തിൽ തീരുമാനമരുളുന്നതുവരെ. അവൻ ഏറ്റവും നല്ല വിധികർത്താവാണല്ലോ.

**81** നിങ്ങൾ പിതാവിന്റെ അടുത്തേക്ക് തിരിച്ചു പോകേണം. എന്നിട്ടദ്ദേഹത്തോട് പറയുക: പിതാവേ, അങ്ങയുടെ പുത്രൻ മോഷ്ടിച്ചിരിക്കുന്നു. ഞങ്ങളതു കണ്ടിട്ടില്ല. ഞങ്ങൾക്കറിയാൻ കഴിഞ്ഞതു മാത്രമാണ് പറയുന്നത്. അദൃശ്യങ്ങളുടെ സൂക്ഷിപ്പുകാരൊന്നും ആയിട്ടില്ലല്ലോ ഞങ്ങൾ.

**82** അങ്ങ്, ഞങ്ങൾ പാർത്ത നാട്ടിലെ ആളുകളോടും ഞങ്ങളോടൊപ്പമുണ്ടായിരുന്ന യാത്രാസംഘത്തോടും അന്വേഷിച്ചു നോക്കിയാലും. ഞങ്ങളിപ്പറയുന്നത് തികഞ്ഞ സത്യമാകുന്നു.

**83** പുത്രന്മാരുടെ കഥകേട്ട് യഅ്ഖൂബ് പറഞ്ഞു: അല്ല, നിങ്ങളുടെ മനസ്സ് എന്തോ കടുംകൈ നിങ്ങൾക്ക് അനായാസമാക്കിയിരിക്കുന്നു. ശരി, അതും ഭംഗിയായി ക്ഷമിക്കാം. ഒരുവേള അല്ലാഹു അവരെയെല്ലാം എന്റെ അടുക്കലെത്തിച്ചേക്കാം. അവൻ എല്ലാം അറിയുന്ന യുക്തിമാനാണല്ലോ.

**84** പിന്നെ അവരിൽനിന്ന് പിന്തിരിഞ്ഞ്, ഹാ! യൂസുഫ്!! എന്നു വിലപിച്ചുകൊണ്ടിരുന്നു. ദുഃഖത്താൽ അദ്ദേഹത്തിന്റെ കണ്ണുകൾ നരച്ചു വെളുത്തുപോയിരുന്നു. അദ്ദേഹം ദുഃഖം കടിച്ചിറക്കുകയായിരുന്നു.

قَالُوا۟= അവർ (അപേക്ഷിച്ചു) പറഞ്ഞു يَـٰٓأَيُّهَا ٱلْعَزِيزُ= അല്ലയോ പ്രഭോ! إِنَّ لَهُۥٓ أَبًا= തീർച്ചയായും ഇവന്ന് ഒരു പിതാവുണ്ട്

شَيْخًا= വയോധികനായ, പ്രമാണിയായ كَبِيرًا= പ്രായമേറിയ, വലിയവനായ

فَخُذْ= അതിനാൽ അങ്ങ് എടുത്താലും(പിടിച്ചു വെച്ചാലും) أَحَدَنَا= ഞങ്ങളിൽ(ആരെയെങ്കിലും) ഒരുവനെ

مَكَانَهُۥٓ= അവന്റെ സ്ഥാനത്ത്(പകരം) إِنَّا نَرَىٰكَ= തീർച്ചയായും അങ്ങയെ ഞങ്ങൾ കാണുന്നു(മനസ്സിലാക്കുന്നു)

مِنَ ٱلْمُحْسِنِينَ= നന്മചെയ്യുന്നവരിൽ പെട്ടവനായി(സന്മനസ്സും സൗമനസ്യവുമുള്ളവനെന്ന്) قَالَ= പറഞ്ഞു (യൂസുഫ് പ്രതിവചിച്ചു)

مَعَاذَ ٱللَّهِ= അല്ലാഹുവേ ശരണം أَن نَّأْخُذَ= ഞങ്ങൾ എടുക്കുന്നത്(പിടിച്ചുവെക്കുകയോ?)

إِلَّا مَن وَجَدْنَا مَتَـٰعَنَا عِندَهُۥٓ= ഞങ്ങളുടെ ചരക്ക് (മുതൽ) ആരുടെ പക്കലാണോ ഞങ്ങൾ കണ്ടത് അയാളെയല്ലാതെ(മറ്റൊരാളെ)

إِنَّآ إِذًا= എങ്കിൽ(അങ്ങനെ ചെയ്താൽ) തീർച്ചയായും ഞങ്ങൾ لَّظَـٰلِمُونَ= ധർമധിക്കാരികൾ(ആയതു) തന്നെ

فَلَمَّا ٱسْتَيْـَٔسُوا۟ مِنْهُ= (ബിൻയാമിന്റെ മോചനത്തിൽ) അവനിൽനിന്ന് അവർ നിരാശപ്പെട്ടപ്പോൾ(തികച്ചും ആശയറ്റപ്പോൾ)

خَلَصُوا۟ نَجِيًّا= അവർ തനിച്ചായി കൂടിയാലോചിക്കുന്നവരായി(ആളുകളിൽനിന്ന് അകന്നുമാറി തനിച്ചിരുന്നു കൂടിയാലോചിച്ചു)

قَالَ كَبِيرُهُمْ= അവരിൽ(കൂട്ടത്തിൽ) മുതിർന്നവൻ പറഞ്ഞു أَلَمْ تَعْلَمُوٓا۟= നിങ്ങൾ അറിഞ്ഞിട്ടില്ലേ(അറിയാമല്ലോ)

أَنَّ أَبَاكُمْ= നിങ്ങളുടെ(നമ്മുടെ) പിതാവ് قَدْ أَخَذَ عَلَيْكُم= തീർച്ചയായും നിങ്ങളുടെ(നമ്മുടെ) മേൽ എടുത്തിരിക്കുന്നു(വാങ്ങിയിട്ടുള്ളതും)

مَّوْثِقًا= ബലിഷ്ടമായ കരാർ مِّنَ ٱللَّهِ= അല്ലാഹുവിനാൽ(ന്റെ പേരിൽ) وَمِن قَبْلُ= ഇതിനു മുമ്പ്(പണ്ട്)

مَا فَرَّطتُمْ= നിങ്ങൾ വീഴ്ചവരുത്തിയതും(നമ്മൾ ചെയ്ത അതിക്രമവും) فِى يُوسُفَ= യൂസുഫി(ന്റെ കാര്യത്തി)ൽ

فَلَنْ أَبْرَحَ ٱلْأَرْضَ= അതിനാൽ ഞാൻ ഈ നാട്ടിൽ തന്നെ ആയിക്കൊണ്ടിരിക്കും(ഈ നാടുവിടുന്നതല്ല)

حَتَّىٰ يَأْذَنَ لِىٓ أَبِىٓ= എനിക്ക് എന്റെ പിതാവ് അനുവാദം തരുന്നതുവരെ

أَوْ يَحْكُمَ ٱللَّهُ لِى= അല്ലെങ്കിൽ എന്റെ കാര്യത്തിൽ അല്ലാഹു(തന്നെ) തീരുമാനമരുളുന്നതുവരെ وَهُوَ= അവൻ(ആണല്ലോ)

خَيْرُ ٱلْحَـٰكِمِينَ= വിധികർത്താക്കളിൽ അത്യുത്തമൻ(ഏറ്റവും നല്ല വിധികർത്താവ്) ٱرْجِعُوٓا۟= നിങ്ങൾ തിരിച്ചുപോകേണം

إِلَىٰٓ أَبِيكُمْ= നിങ്ങളുടെ പിതാവിലേക്ക് فَقُولُوا۟= എന്നിട്ട് അദ്ദേഹത്തോട് പറയുക يَـٰٓأَبَانَآ= ഞങ്ങളുടെ പിതാവേ

إِنَّ ٱبْنَكَ= നിന്റെ(അങ്ങയുടെ) പുത്രൻ سَرَقَ= മോഷ്ടിച്ചിരിക്കുന്നു وَمَا شَهِدْنَآ= ഞങ്ങൾ(അത്)കണ്ടിട്ടില്ല, സാക്ഷികളായിട്ടില്ല

إِلَّا بِمَا عَلِمْنَا= ഞങ്ങൾ അറിഞ്ഞതുകൊണ്ടല്ലാതെ(ഞങ്ങൾക്കറിയാൻ കഴിഞ്ഞതു മാത്രമല്ലാതെ പറയുന്നില്ല)

وَمَا كُنَّا= ഞങ്ങൾ ആയിട്ടില്ല(ല്ലോ) لِلْغَيْبِ= അദൃശ്യമായ കാര്യങ്ങളുടെ حَـٰفِظِينَ= സൂക്ഷിപ്പുകാർ(ഒന്നും)

وَسْـَٔلِ= നീ ചോദിക്കുക(അങ്ങ് അന്വേഷിച്ചു നോക്കിയാലും) ٱلْقَرْيَةَ= നാട്ടിനോ(നാട്ടിലെ ആളുകളോ)ട്

ٱلَّتِى كُنَّا فِيهَا= ഞങ്ങൾ ഉണ്ടായിരുന്നതായ(പാർത്ത) وَٱلْعِيرَ= യാത്രാ സംഘത്തോടും

ٱلَّتِىٓ أَقْبَلْنَا فِيهَا= അതിൽ ഞങ്ങൾ മുന്നിട്ടിരുന്നതായ(ഞങ്ങളോടൊപ്പമുണ്ടായിരുന്ന) وَإِنَّا= തീർച്ചയായും ഞങ്ങൾ

لَصَـٰدِقُونَ= സത്യവാന്മാർ തന്നെയാകുന്നു(ഇപ്പറയുന്നത് തികഞ്ഞ സത്യമാകുന്നു)

قَالَ= അദ്ദേഹം(പുത്രന്മാരുടെ കഥകേട്ട് യഅ്ഖൂബ്) പറഞ്ഞു بَلْ= അല്ല (കാര്യം നിങ്ങൾ പറയുന്നത്)

سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا= നിങ്ങൾക്ക് നിങ്ങളുടെ മനസ്സ് ഒരു കാര്യം അനായാസമാക്കിയിരിക്കുന്നു(നിങ്ങളുടെ മനസ്സ് എന്തോ കടുംകൈ അനായാസമാക്കിയിരിക്കുന്നു)

فَصَبْرٌ= അപ്പോൾ ക്ഷമ (അതും ക്ഷമിക്കാം) جَمِيلٌ= ഭംഗിയായ

عَسَى ٱللَّهُ أَن يَأْتِيَنِى= അല്ലാഹു എന്റെ അടുത്ത് (എത്തിച്ചേക്കാം) കൊണ്ടുവന്നേക്കാം بِهِمْ= അവരെ جَمِيعًا= എല്ലാവരെയും

إِنَّهُۥ= നിശ്ചയമായും അവൻ هُوَ ٱلْعَلِيمُ= എല്ലാം അറിയുന്ന ٱلْحَكِيمُ= യുക്തിമാൻ(ആണല്ലോ) وَتَوَلَّىٰ= അദ്ദേഹം പിന്തിരിഞ്ഞു

عَنْهُمْ= അവരിൽനിന്ന് وَقَالَ= പറഞ്ഞു(വിലപിച്ചു കൊണ്ടിരുന്നു)

يَـٰٓأَسَفَىٰ عَلَىٰ يُوسُفَ= യൂസുഫിന്റെ മേലുള്ള എന്റെ ദുഃഖമേ (ഹാ! യൂസുഫ്!!) وَٱبْيَضَّتْ= വെളുത്തു (നരച്ചു)

عَيْنَاهُ= അദ്ദേഹത്തിന്റെ രണ്ടു കണ്ണുകൾ مِنَ ٱلْحُزْنِ= ദുഖത്താൽ فَهُوَ= അദ്ദേഹം

كَظِيمٌ= വിഴുങ്ങുന്നവനാകുന്നു(ദുഃഖം കടിച്ചിറക്കുകയായിരുന്നു)

**78:** ബിൻയാമീനോട് വെറുപ്പുണ്ടെങ്കിലും തൽക്കാലം അയാളെ നാട്ടിലേക്ക് കൊണ്ടുപോകേണ്ടത് അവരുടെ ആവശ്യമായിരുന്നു. അതുകൊണ്ട് യൂസുഫിനോട് താഴ്മയായി അപേക്ഷിച്ചു: പ്രഭോ, ഇവന്റെ പിതാവ് വളരെ വയോധികനും നാട്ടിലെ ഉന്നത

വ്യക്തിത്വവുമാണ്. അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ട പുത്രനാണിവൻ. ഇവനെ പിരിഞ്ഞു കഴിയുക അദ്ദേഹത്തിന് വലിയ വിഷമമാണ്. ഇവൻ ഇവിടെ ഇങ്ങനെയൊരാപത്തിൽ കുടുങ്ങി അടിമയാക്കപ്പെടുന്നത് അദ്ദേഹത്തിന് ഒട്ടും സഹിക്കാനാവില്ല. അത് അദ്ദേഹത്തിന്റെ അവസ്ഥക്ക് വലിയ കുറച്ചിലുമാകും. അതിനാൽ അവനു പകരം ഞങ്ങളിലാരെ വേണമെങ്കിലും അടിമയാക്കി, അവനെ നാട്ടിലേക്ക് കൊണ്ടുപോകാനനുവദിച്ചാലും. ഞങ്ങളുടെ ആവശ്യങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി പെരുമാറാൻ സന്മനസ്സും സൗമനസ്യവുമുള്ള ഉദാരനാണ് അങ്ങെന്ന് ഞങ്ങൾക്ക് നന്നായിട്ടറിയാം.

നേരത്തെ യൂസുഫ് നബിയുടെ ഉടമയായിരുന്ന ഉദ്യോഗസ്ഥനെ സംബോധന ചെയ്ത عزيز എന്ന പദം കൊണ്ടാണ് ഇവിടെ സഹോദരന്മാർ യൂസുഫിനെ സംബോധന ചെയ്തിരിക്കുന്നത്. ഇത് അദ്ദേഹത്തോട് അവർ പ്രകടിപ്പിക്കുന്ന എളിമയുടെയും യാചനയുടെയും ആഴം സൂചിപ്പിക്കുന്നു. ഉന്നത സ്ഥാനീയരെ കുറിക്കുന്ന സംജ്ഞയാണ് عزيز. ചിലപ്പോൾ രാജാവിനെയും ദൈവത്തെയും വരെ ആളുകൾ ഭക്ത്യാദരപൂർവം പ്രഭോ എന്നു സംബോധന ചെയ്യും. ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം ٱلْعَزِيزُ എന്ന ഈ സംബോധനയെ ആധാരമാക്കി ഒരു കഥ മെനഞ്ഞിട്ടുണ്ട്. عزيز രാജാവിനു തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേരാണ്. യൂസുഫ് ജയിൽ മോചിതനായപ്പോഴേക്കും അദ്ദേഹത്തിന്റെ യജമാനനായിരുന്ന അസീസ് മരണപ്പെട്ടിരുന്നു. ആ സ്ഥാനത്ത് അസീസ് ആയിട്ടാണ് യൂസുഫ്(അ) നിയമിതനായത്. ആദ്യ അസീസിന്റെ ഭാര്യ സുലൈഖ അപ്പോഴേക്കും പശ്ചാത്തപിച്ച് സത്യവിശ്വാസിനിയും സദ്‌വൃത്തയുമായിക്കഴിഞ്ഞിരുന്നു. യൂസുഫ് നബി ഈ വിധവയെ വിവാഹം ചെയ്തു. അപ്പോഴേക്കും യൂസുഫിനെക്കാൾ വളരെ പ്രായമുള്ളവളും വിധവയുമായ സുലൈഖയുടെ സൗന്ദര്യവും ആരോഗ്യവുമൊക്കെ ചോർന്നു പോയിട്ടുണ്ടാവില്ലേ എന്ന ചോദ്യത്തിനും കഥാകാരന്മാർ ഉത്തരം കണ്ടിട്ടുണ്ട്. അല്ലാഹു അവരുടെ സൗന്ദര്യവും ആരോഗ്യവുമൊക്കെ തിരിച്ചു കൊടുത്തു. ഈ കഥക്കു ചരിത്രപരമായ സാധൂകരണമൊന്നുമില്ല. രാജാവ് ഒരു പോത്തിഫറിന്റെ മകളെ യൂസുഫി(അ)ന്ന് വിവാഹം ചെയ്തുകൊടുത്തുവെന്നാണ് ബൈബിൾ പറയുന്നത്.

شيخ–كبير എന്നീ രണ്ടു പദങ്ങൾക്കും വയോധികൻ, നേതാവ്, ഉന്നതൻ എന്നീ അർഥങ്ങളുണ്ട്. ഇവിടെ شَيْخًا كَبِيرًا എന്നു പറഞ്ഞത് പടുവൃദ്ധൻ എന്ന അർഥത്തിലാവാം. അല്ലെങ്കിൽ ഒരു പദം പ്രായാധിക്യത്തെയും മറ്റേത് നാട്ടിലുള്ള പെരുമയെയും സൂചിപ്പിക്കുന്നതുമാവാം. അതായത്, അദ്ദേഹം വയോധികനുമാണ്, നാട്ടിൽ ഉന്നതസ്ഥാനീയനുമാണ്.

**79:** مَعَاذَ ٱللَّهِ ന്റെ അർഥം നേരത്തെ 23–ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ആശയം ദൈവമേ, മോഷ്ടാവെന്ന് തെളിഞ്ഞ പ്രതിയെ വിട്ടയച്ച് നിരപരാധിയായ മറ്റൊരാളെ ശിക്ഷിക്കുകയോ എന്ന് അത്ഭുതം കൂറുകയാവാം. അത്തരമൊരു മഹാപരാധം ചെയ്യുന്നതിൽനിന്ന് രക്ഷിക്കണേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുന്നു എന്നുമാവാം. ആരുടെ ഭാണ്ഡത്തിലാണോ ചഷകം കണ്ടത് അയാളെ മാത്രമേ ഞങ്ങൾക്കു ശിക്ഷിക്കാൻ നിർവാഹമുള്ളൂ. അയാളെ വിട്ടയച്ച് വേറൊരു നിരപരാധിയെ പിടിച്ചു ശിക്ഷിക്കുകയാണെങ്കിൽ ഞങ്ങളും ഈ മോഷ്ടാവിനെപ്പോലെ ധർമധിക്കാരികളായിത്തീരും.

**80–82:** يَئِس (നിരാശപ്പെട്ടു)യുടെ ഉത്തമവാചിരൂപമായ استيئسയുടെ ബഹുവചനമാണ് ٱسْتَيْـَٔسُوا۟. അങ്ങേയറ്റം ഭഗ്നാശരായി എന്നർഥം. خلص (മറ്റുള്ളവരിൽനിന്ന് വേർപ്പെട്ട് തനിച്ചായി)യുടെ ബഹുവചനമാണ് خَلَصُوا۟. കളങ്കങ്ങളിൽ നിന്ന് മുക്തമായി എന്നും ഇതിനർഥമുണ്ട്. രാജസദസ്സിൽനിന്നും സഹയാത്രികരിൽനിന്നും വേർപിരിഞ്ഞ് തനിച്ചിരുന്നു എന്നാണ് ഇവിടെ ഉദ്ദേശ്യം. نَجِيًّا– കൂടിയാലോചിക്കുന്നവനായി– ഏകവചനമാണ്. خَلَصُوا۟ ബഹുവചനമായതുകൊണ്ട് أنجية എന്ന ബഹുവചനമായിരുന്നു വരേണ്ടിയിരുന്നത്. ചില പദങ്ങൾ ബഹുവചനാർഥത്തിൽ ഏകവചനം ഉപയോഗിക്കുക അറബി ഭാഷയിൽ അപൂർവമല്ല. യഅ്ഖൂബ് പുത്രന്മാരിൽ ഏറ്റവും മുതിർന്ന റൂബേലിനെ ഉദ്ദേശിച്ചാണ് كَبِيرُهُمْ എന്നു പറഞ്ഞത്. كبيرന് ഉന്നതൻ, നേതാവ് എന്നുകൂടി അർഥമുള്ളതിനാൽ ആ അർഥത്തിലാണിവിടെ ഈ പദം ഉപയോഗിച്ചിട്ടുള്ളതെന്നും അവർക്കിടയിൽ പക്വതയും നേതൃപാടവവും കൂടുതലായുണ്ടായിരുന്ന ശീമോനെയാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും ചിലർക്കഭിപ്രായമുണ്ട്. മുമ്പ് യൂസുഫിനെ സഹോദരന്മാർ കൊല്ലാനൊരുങ്ങിയപ്പോൾ അതുവേണ്ട, ഏതെങ്കിലും പൊട്ടക്കിണറ്റിൽ തള്ളിയാൽ മതി എന്ന് അഭിപ്രായപ്പെട്ടതും ഇവിടെ സൂചിപ്പിക്കപ്പെടുന്ന ആളായിരുന്നുവെന്നും പറയപ്പെടുന്നു. ശിമയോൻ അല്ല യഹൂദാ ആയിരുന്നു കൂടുതൽ ബുദ്ധിമാനും വിവേകിയും എന്നും അയാളാണുദ്ദേശ്യമെന്നും മറ്റൊരഭിപ്രായവുമുണ്ട്. കൂട്ടത്തിൽ വയസ്സുകൊണ്ട് മുതിർന്നയാളല്ല; ബുദ്ധികൊണ്ടും വിവേകം കൊണ്ടും മുതിർന്നവനെയാണുദ്ദേശിച്ചതെന്ന വാദം ഇപ്രകാരം ന്യായീകരിക്കപ്പെട്ടിട്ടുണ്ട്: പ്രായം കൊണ്ട് മുതിർന്നയാളെയാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ أكبرهم (അവരിൽ ഏറ്റം മുതിർന്നവൻ) എന്നായിരുന്നു കൂടുതൽ ഉചിതമായ പ്രയോഗം. كَبِيرُهُمْ എന്ന വാക്ക് സ്ഥാനം കൊണ്ടും പ്രാധാന്യം കൊണ്ടും വലിയവൻ എന്ന ആശയത്തെയാണ് കൂടുതൽ ധ്വനിപ്പിക്കുന്നത്. قَالَ بَلْ فَعَلَهُۥ كَبِيرُهُمْ هَـٰذَا "അദ്ദേഹം പറഞ്ഞു: അല്ല, അവരുടെ കൂട്ടത്തിലെ ഈ വലിയവനാണിതു ചെയ്തത്" (*അൽ അമ്പിയാഅ്* 63) എന്നു പറഞ്ഞതുപോലെയാണിത്. കൂടുതൽ വലിപ്പമുള്ളതും പ്രാധാന്യം കൽപിക്കപ്പെട്ടിരുന്നതുമായ വിഗ്രഹത്തെയാണതുകൊണ്ടുദ്ദേശിച്ചത്. അല്ലാതെ, കൂടുതൽ പഴക്കമുള്ള വിഗ്രഹത്തെയല്ല.

ബിൻയാമീനെ ഒരു നിലക്കും ഈജിപ്തിൽനിന്ന് വിട്ടുകിട്ടാൻ പോകുന്നില്ലെന്ന് ഉറപ്പായപ്പോൾ ആ സഹോദരന്മാർ ഇനിയെന്തുവേണം എന്ന് തനിച്ചിരുന്നു കൂടിയാലോചിക്കാൻ തുടങ്ങി. അവരിൽ മൂത്തയാൾ അല്ലെങ്കിൽ നേതാവ് പറഞ്ഞു: ബിൻയാമീനെ സുരക്ഷിതനായി തിരിച്ചെത്തിക്കാമെന്ന് ദൈവത്തിന്റെ പേരിൽ ആണയിട്ട് പിതാവിനോട് കരാർ ചെയ്തിട്ടാണ് നമ്മളവനെ കൊണ്ടുവന്നത്. പണ്ടു യൂസുഫിന്റെ കാര്യത്തിലുണ്ടായതുപോലെ, നമുക്കൊന്നും ഒരു പരിക്കുമില്ലാതെ അവൻ മാത്രം അപായപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് തിരിച്ചു വരരുത് എന്നദ്ദേഹം കടുപ്പിച്ചു പറയുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതിക്ക് എനിക്കിനി അദ്ദേഹത്തിന്റെ മുഖത്തുനോക്കാൻ വയ്യ. ഞാൻ നാട്ടിലേക്ക് വരുന്നില്ല. തിരിച്ചു വരാൻ പിതാവു തന്നെ എന്നോടാവശ്യപ്പെടുകയാണെങ്കിൽ മാത്രമേ ഇനി അങ്ങോട്ടുള്ളൂ. ഇല്ലെങ്കിൽ ഞാനിവിടെത്തന്നെ ജീവിച്ചുകൊള്ളാം. അല്ലാഹു എനിക്ക് മരണം വിധിക്കുന്നതുവരെ; അല്ലെങ്കിൽ ബിൻയാമീനെ മോചിപ്പിക്കാൻ കഴിയുന്നതുവരെ.

നിങ്ങളാരും എന്റെ കൂടെ നിൽക്കേണ്ടതില്ല. എല്ലാവരും നാട്ടിലേക്ക് തിരിച്ചു പൊയ്ക്കൊള്ളുക. എന്നിട്ട് പിതാവിനെ ഉണർത്തുക: അങ്ങയുടെ പുത്രൻ രാജാവിന്റെ ചഷകം മോഷ്ടിച്ചതിന്റെ പേരിൽ ഈജിപ്തിൽ അടിമയാക്കപ്പെട്ടിരിക്കുകയാണ്. അവൻ മോഷണം നടത്തുന്നത് ഞങ്ങളാരും കണ്ടിട്ടില്ല. പക്ഷേ, തൊണ്ടി സാധനം കണ്ടെടുത്തത് അവന്റെ ചാക്കിൽ നിന്നാണ്.

അതേ ഞങ്ങൾക്കറിയൂ. എന്താണതിന്റെ രഹസ്യമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. അദൃശ്യകാര്യങ്ങൾ അറിയാൻ കഴിവുള്ളവരൊന്നുമല്ലല്ലോ ഞങ്ങൾ. ഞങ്ങളിപ്പറയുന്നത് അങ്ങേക്ക് വിശ്വസിക്കാനാവില്ലെന്നറിയാം. മിസ്രയീമിലെ ജനങ്ങളോടു ചോദിച്ചു നോക്കുക. ഈ കളവും കേസും അതിന്റെ വിചാരണയും വിധിയുമൊക്കെ ആ നഗരത്തിൽ പ്രസിദ്ധമാണ്. ഞങ്ങളുടെ സഹയാത്രികരായിരുന്ന സംഘവും അതിനെല്ലാം സാക്ഷികളാണ്, അങ്ങേക്ക് അവരോടും അന്വേഷിക്കാം. ഞങ്ങൾ പറഞ്ഞത് തികഞ്ഞ സത്യമാണെന്ന് അപ്പോൾ ബോധ്യമാകും.

وَسْـَٔلِ ٱلْقَرْيَةَ എന്നാൽ നാട്ടിനോടു ചോദിക്കുക എന്നാണർഥം ഇവിടെ. ഇവിടെ وَسْـَٔلِ ന്റെയും ٱلْقَرْيَةَ ന്റെയും മധ്യേ أَهْلَ (ആളുകൾ, നിവാസികൾ) എന്ന പദം അനുക്തമാകുന്നു.

യൂസുഫ് കഥയുടെ ഈ ഭാഗത്തിന്റെയും ബൈബിൾ ഭാഷ്യം ഖുർആനിന്റേതിൽനിന്നും ഭിന്നമാണ്. സഹോദരന്മാർ പിതാവിനെക്കുറിച്ചു പറഞ്ഞുകൊണ്ട് ബിൻയാമീനെ വിട്ടുതരണമെന്നപേക്ഷിച്ചപ്പോൾ യൂസുഫ് വികാരാധീനനായി കരഞ്ഞുവെന്നും താൻ യൂസുഫാണെന്നു വെളിപ്പെടുത്തുകയും ചെയ്തുവെന്നാണ് ബൈബിൾ പറയുന്നത്. തുടർന്ന് പിതാവിനെയും മറ്റു കുടുംബാംഗങ്ങളെയും ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടു വരാൻ അവരോടാവശ്യപ്പെട്ടു. കുടുംബത്തിന് സഞ്ചരിക്കാനാവശ്യമായ വാഹനങ്ങളും മറ്റു പാഥേയങ്ങളും അവരുടെ വശം കൊടുത്തയക്കുകയും ചെയ്തു.

**83:** ഈജിപ്തിൽ തങ്ങിയ റൂബേൽ അല്ലെങ്കിൽ ശീമോനോ യഹൂദായോ നിർദേശിച്ച പ്രകാരം മറ്റു സഹോദരന്മാർ നാട്ടിൽ മടങ്ങിവന്ന് യഅ്ഖൂബിനോട് സംഭവങ്ങളെല്ലാം വിശദമായി പറഞ്ഞു. പക്ഷേ, യഅ്ഖൂബ് അത് വിശ്വസിക്കാൻ തയാറായില്ല. മുമ്പ് യൂസുഫിന്റെ കാര്യത്തിലും ഇങ്ങനെയൊരു കഥ കേട്ട അനുഭവം അദ്ദേഹത്തിനുണ്ടല്ലോ. യൂസുഫിനോടെന്നപോലെ ബിൻയാമീനോടും ഇവർക്ക് അസൂയയും വിദ്വേഷവുമുണ്ടായിരുന്നു. അതിനാൽ യൂസുഫിനോടെന്നപോലെ അവനോടും എന്തോ കടുംകൈ കാട്ടി വന്നിരിക്കുകയാണിവർ. അല്ലാതെ തന്റെ സവിശേഷ ശിക്ഷണത്തിൽ വളർന്ന ബിൻയാമീൻ ഒരിക്കലും അന്യദേശത്തുപോയി പാത്രം മോഷ്ടിക്കുകയോ അതിന്റെ പേരിൽ പിടികൂടപ്പെട്ട് ജീവപര്യന്തം അടിമയാക്കപ്പെടുകയോ ഇല്ല. യൂസുഫിനെയും ബിൻയാമീനെയും ഇവർ എന്താണ് ചെയ്തതെന്ന് താൻ കണ്ടിട്ടില്ല, അറിഞ്ഞിട്ടില്ല. അതുകൊണ്ട് അവർ പറയുന്ന കഥകൾ കേട്ട് ക്ഷമിച്ചിരിക്കുകയല്ലാതെ നിർവാഹമില്ല. എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് ഭംഗിയായി ക്ഷമിക്കാം. ഒരു പക്ഷേ ബിൻയാമീനും യൂസുഫുമൊക്കെ ജീവിച്ചിരിപ്പുണ്ടെങ്കിലോ, കരുണാവാരിധിയായ അല്ലാഹു ഒരുനാൾ അവരെയെല്ലാം എന്റെ മുന്നിലെത്തിച്ചുകൂടായ്കയില്ല. അവൻ എല്ലാം അറിയുന്നവനാണല്ലോ. അവന്റെ നടപടികൾ വളരെ യുക്തിപൂർണമായിരിക്കും. അവൻ സ്വീകരിക്കുന്ന മാർഗങ്ങളും മാധ്യമങ്ങളും മറ്റുള്ളവർക്ക് കണക്കുകൂട്ടാനാവില്ല.

سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا ۖ فَصَبْرٌ جَمِيلٌ എന്ന വാക്യം ഈ സൂറയുടെ 18-ാം സൂക്തത്തിൽ ഇതേപടി വന്നിട്ടുണ്ട്. ആശയം അവിടെ വിശദീകരിച്ചിരിക്കുന്നു. യഅ്ഖൂബ് നബിക്ക് രണ്ടു പുത്രന്മാർ -യൂസുഫും ബിൻയാമീനും ആണ് നഷ്ടപ്പെട്ടിട്ടുള്ളത്. അറബി വ്യാകരണ പ്രകാരം അവരെ സൂചിപ്പിക്കാൻ بِهِمْ എന്നതിനു പകരം بهما -രണ്ടുപേരെയും- എന്നാണ് പറയുക. രണ്ടിൽ കൂടുതൽ എണ്ണമുള്ളപ്പോഴേ هم (അവർ) എന്ന സർവനാമം ഉപയോഗിക്കാറുള്ളൂ. ഇവിടെ ദ്വിവചനം ഉപയോഗിക്കാതെ ബഹുവചനം ഉപയോഗിച്ചതിന് രണ്ടു വിശദീകരണങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഒന്ന്, യൂസുഫിനും ബിൻയാമീനും പുറമെ ബാക്കി പത്തുപേരിൽ ഒരാൾ ഈജിപ്തിൽ തങ്ങിയിട്ടുണ്ടല്ലോ. അയാളെ കൂടി ചേർക്കുമ്പോൾ അവർ രണ്ടിൽ കൂടുതലായി. രണ്ടിൽ കൂടുതലുള്ള സംഖ്യ ബഹുവചനം കൊണ്ടാണ് കുറിക്കേണ്ടത്. രണ്ട്, തന്നിൽനിന്ന് ഇപ്പോൾ അകന്നു പോയവരെ മാത്രം ഉദ്ദേശിച്ചല്ല യഅ്ഖൂബ് നബി ഇതു പറയുന്നത്. ഇപ്പോൾ അപ്രത്യക്ഷരായിരിക്കുന്നവരും അടുത്തുള്ളവരുമായ എല്ലാ മക്കളും ഒരുനാൾ തന്റെ മുമ്പിൽ ഒന്നിച്ചു ചേരും എന്ന് മോഹിക്കുകയും അതിനായി അല്ലാഹുവിനോട് പ്രാർഥിക്കുകയുമാണദ്ദേഹം.

**84:** യഅ്ഖൂബ് മക്കളുടെ കഥകൾ വിശ്വസിച്ചില്ലെങ്കിലും അതെക്കുറിച്ച് അവരോടു തർക്കിക്കാനൊന്നും നിന്നില്ല. وَتَوَلَّىٰ عَنْهُمْ എന്നു പറഞ്ഞത് ഈ അർഥത്തിലാവാം. മക്കളെ വിട്ട് എവിടെയോ പോയി ഏകാന്തമായി ഇരുന്നു എന്ന അർഥത്തിലുമാവാം. അതാണർഥമെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മക്കളുടെ സംസാരം യൂസുഫിനെക്കുറിച്ച നീറുന്ന ഓർമകൾ അദ്ദേഹത്തിൽ ആളിക്കത്തിച്ചു. ഹാ യൂസുഫ്, ഹാ യൂസുഫ് എന്ന് നിരന്തരം വിലപിക്കാൻ തുടങ്ങി. നേരത്തെ തന്നെ കരഞ്ഞ് കരഞ്ഞ് അദ്ദേഹത്തിന്റെ കൺമണികൾ വെളുത്തു നരച്ചിരുന്നു. എന്നാൽ സമചിത്തത വെടിഞ്ഞ് വെപ്രാളപ്പെടുകയോ ബഹളം വെക്കുകയോ ചെയ്തില്ല. ദുഃഖം കടിച്ചിറക്കുകയായിരുന്നു അദ്ദേഹം. فَهُوَ كَظِيمٌ എന്നാണ് മൂല വാക്യം. അമർത്തി വെച്ചു, ഉള്ളിലൊതുക്കി എന്നർഥമുള്ള كظم ൽനിന്നുള്ള കർതൃപദമാണ് كظيم. ദുഃഖപരവശൻ, പീഡിതൻ, കോപാകുലൻ എന്നൊക്കെ ഈ പദത്തിനു പ്രയോഗാർഥമുണ്ട്. പൊട്ടിത്തെറിക്കാതെ കോപം ഉള്ളിലൊതുക്കുന്നവരെ ഖുർആൻ ഒരിടത്ത് وَٱلْكَـٰظِمِينَ ٱلْغَيْظَ എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ كظيم ന് ദുഃഖം കടിച്ചിറക്കുന്നവൻ എന്ന അർഥമാണ് കൂടുതൽ ഉചിതമായി തോന്നുന്നത്. ചിലർ മക്കളോടുള്ള രോഷം കടിച്ചിറക്കുകയായിരുന്നു എന്നും വേറെ ചിലർ അതീവ പീഡിതനായിരുന്നു എന്നും അർഥം കൽപിച്ചിട്ടുണ്ട്. ഈ അർഥങ്ങളും സന്ദർഭത്തിന് നിരക്കുന്നതാണ്. യഅ്ഖൂബ് നബി യൂസുഫിനെ പിരിഞ്ഞിരുന്ന എൺപതുകൊല്ലക്കാലവും ദുഃഖപരവശനും അക്ഷമനുമായിരുന്നുവെന്നും അതിന്റെ പേരിൽ അല്ലാഹു അദ്ദേഹത്തെ ചോദ്യം ചെയ്തു എന്നുമൊക്കെ ചില ദുർബലമായ നിവേദനങ്ങളുണ്ട്. യൂസുഫ് നഷ്ടപ്പെട്ട് 80 കൊല്ലം കഴിഞ്ഞ ശേഷമാണ് യഅ്ഖൂബ് നബി അദ്ദേഹത്തെ വീണ്ടും കണ്ടുമുട്ടിയത് എന്ന പ്രസ്താവം തന്നെ വിശ്വാസയോഗ്യമല്ല. ■